പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2673 **28-10-2026-ൽ മറുപടിയ്ക്ക്**

പാലക്കാട് തരൂർ നിയോജക മണ്ഡലത്തിലെ കൃഷിയിടങ്ങളിലെ ജല ലഭ്യത ഉറപ്പാക്കൽ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. പി. സുമോദ് ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) പാലക്കാട് തരൂർ നിയോജക മണ്ഡലത്തിലെ കൃഷിയിടങ്ങളിലേക്ക് ആവശ്യമായ സമയത്ത് ജലം എത്തിക്കുന്നതിന് ഇറിഗേഷൻ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

മറുപടി: തരൂർ നിയോജക മണ്ഡലത്തിലെ കൃഷിയിടങ്ങളിൽ ജലസേചന സൗകര്യം കാര്യക്ഷമമാക്കുന്നതിനായി ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ വിവിധ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.

പുതുക്കോട് പഞ്ചായത്തിലെ പ്ലാഴി ജലസേചന പദ്ധതിയിലൂടെ 64 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തി വരുന്നു. കുത്തനൂർ പഞ്ചായത്തിലെ വടക്കേത്തോട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെയും പെരിങ്ങോട്ടുകുറിശ്ശി പഞ്ചായത്തിലെ മേപ്പാടം മുത്താരുകുളമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെയും പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

മംഗലം ജലസേചന പദ്ധതിയിലെ വടക്കഞ്ചേരി കനാൽ സെക്ഷനിൽ 2026-27 സാമ്പത്തിക വർഷത്തിൽ കനാൽ അറ്റകുറ്റപണികൾക്കായി ₹75 ലക്ഷം വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ച് കനാലിലെ കാടുവെട്ടൽ, ചെളി നീക്കം ചെയ്യൽ എന്നിവ നടത്തി നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പോത്തുണ്ടി ജലസേചന പദ്ധതിയുടെ പരിധിയിൽ വരുന്ന കൃഷിയിടങ്ങളിലേക്ക് ജലവിതരണം ഉറപ്പാക്കുന്നതിനായി കനാൽ നവീകരണവുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ തരൂർ നിയോജക മണ്ഡലത്തിലെ ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന മെക്കാനിക്കൽ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

1. DEPOSIT-Providing Mechanical shutter at Thevarakkadavu Thodu in Kannambra- Alathur Block Panchayath-Fabrication, painting and erection of MS shutters, SS C-grooves and hoisting mechanism at Thevarakkadavu check dam in Kannambra - Alathur Block Panchayath-General Mechanical Work
2. DEPOSIT-Renovation of Thekkekurodu check dam at Kannambra Gramapanchayath-Providing new MS shutter, hoisting platform and hoisting mechanism at Thekkekurodu check dam-Kannambra Gramapanchayath-General Mechanical Work.

സെക്ഷൻ ഓഫീസർ